11888
18/6/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - എറണാകുളം ജില്ല- മരട് സ്കൂൾ വാഹനാപകടത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്**

**സ.ഉ.( കൈ) നം: 227/2018/റവ .** **തിരുവനന്തപുരം, തീയതി, 16.06.2018**

---

ഉത്തരവ്

11/06/2018 - ന് എറണാകുളം ജില്ല കണയന്നൂർ താലൂക്ക് മരട് വില്ലേജിൽ കാട്ടിത്തറ റോഡിൽ വെച്ച് സ്കൂൾ വാൻ കുളത്തിലേക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ച വിദ്യാലക്ഷ്മി (4 വയസ്സ്, D/o സനൽ, ആയത്തു പറമ്പിൽ വീട്, കാട്ടിത്തറ റോഡ് , മരട്), ആദിത്യൻ എസ്സ്.നായർ (4 വയസ്സ്, S/o ശ്രീജിത്ത്, 171 ഐനിബണ്ട് റോഡ് മരട്), എന്നീ കുട്ടികളുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം) രൂപ വീതം ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഇതേ അപകടത്തിൽ മരിച്ച കൊച്ചാടിത്തറ ലത ഉണ്ണി ( W/o ഉണ്ണി, കൊച്ചാടിത്തറ, മരട്) യുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000/- (അഞ്ച് ലക്ഷം) രൂപ ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു. ഈ തുക ലതാ ഉണ്ണിയുടെ മക്കളായ ലക്ഷ്മി (13 വയസ്സ്), ഐശ്വര്യ (13 വയസ്സ് ) എന്നിവരുടെ പേരിൽ ദേശസാല്കൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും , പലിശ കുട്ടികളുടെ പഠനാവശ്യത്തിനു ഭർത്താവിനു (guardian) ലഭിക്കത്തവിധത്തിലും കുട്ടികൾക്ക 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം പിൻവലിച്ച് തുക കുട്ടികൾക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ടി ആവശ്യത്തിന് വേണ്ടിവരുന്ന 9,00,000/- രൂപ (ഒൻപത് ലക്ഷം രൂപ മാത്രം) 2075-00-800-40 contribution of Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക അടിയന്തിരമായി മരിച്ചവരുടെ കുടുംബങ്ങൾക്ക് നൽകി, ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ,**

അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം

തഹസീൽദാർ, കണയന്നൂർ താലൂക്ക്

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്-ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി
പകർപ്പ്- പൊതുഭരണ (എസ്.സി) വകുപ്പ് (13/06/2018-ലെ മന്ത്രിസഭായോഗ തീരുമാന ഇനം നം.2249
-പ്രകാരം)

ഉത്തരവിൻ പ്രകാരം

Smitha A.S.

സെക്ഷൻ ആഫീസർ